വാഗമണ്ണിലെ അപൂർവ്വ ഇനം സസ്യങ്ങളുടെ പരിരക്ഷ

125 [408] ശ്രീ. കെ. എ. ചന്ദ്രൻ :

,, വി. ഡി. സതീശൻ :

,, വർക്കല കഹാർ :

,, എ. സുജനപാൽ :

,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഗമൺ മേഖലയിൽ എന്തെല്ലാം വിധത്തിലുള്ള അപൂർവ്വ സസ്യങ്ങളും വംശനാശം നേരിടുന്ന സസ്യങ്ങളും കാണപ്പെടുന്നു എന്നും ഇവയെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ബി) വനം കയ്യേറ്റക്കാരും റിസോർട്ട് നിർമ്മാതാക്കളും ഇത്തരം സസ്യങ്ങളെ സംരക്ഷിക്കുന്നതിൽ തൽപ്പരരാണോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അപൂർവ്വ സസ്യങ്ങളുടെയും വംശനാശംനേരിടുന്ന സസ്യങ്ങളുടെയും പരിരക്ഷ ലക്ഷ്യം വച്ച് വാഗമൺ മേഖലയിലെ കയ്യേറ്റം ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാഗമൺ മേഖലയിൽ ഏതാണ്ട് 880 സസ്യ സ്പീഷിസുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ഏതാണ്ട് 60 സ്പീഷിസുകൾ പുല്ലുവർഗ്ഗത്തിൽപ്പെട്ടതാണ്. കൂടാതെ 280 ഓളം സ്പീഷിസുകൾ പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന അപൂർവ്വ സസ്യങ്ങളാണ്. ഈ അപൂർവ്വ സസ്യങ്ങളിൽ ബൈനേറിയ പെരിയാറെൻസിസ്, അരുണ്ടിനാ ബാബുഹിഫോളിയ, ഏരിയാത്യാഗി, പെക്ടാലിസ് ജൈജാൻഷിയ എന്നീ ഓർക്കിഡുകളും 10 ബാൾസം (ഇംപേഷ്യൻസ്) സ്പീഷിസുകളും, ടോറെനിയ ട്രാവൻകോറിയകക്ക് എന്ന ചെറു സസ്യവും ബെന്റിങ്കിയകൊണ്ടപനാ എന്ന കാട്ടുകവുങ്ങും, ടൈപ്പാഗോൺ ബ്രോമോയിസെഫ് ടൈപ്പോഗോൺ നാരായണി ആൾഗ്രാക്സോൾ ലാൻസിയോലേറ്റസ് എന്നീ പുല്ലുകളും ഉൾപ്പെടുന്നു. വാഗമൺ മേഖലയിൽ കാണപ്പെടുന്ന വംശനാശം നേരിടുന്ന സസ്യങ്ങളിൽ ഡെസ്മോസ് വിരിഡിപ്ലോറസ് എന്ന വള്ളിച്ചെടിയും, ഫ്മിത്തിയ വെണ്കോബ റോവി എന്ന പയർ വർഗ്ഗത്തിൽപ്പെടുന്ന കുറ്റിച്ചെടിയും ഓസ്ബെക്കിയ ട്രാവകോറിക്ക എന്ന കുറ്റിച്ചെടിയും പെടുന്നു. ഇവ വംശനാശ ഭീഷണി നേരിടുന്നതിനാൽ റെഡ് ഡാറ്റാ ബുക്കിൽ രേഖപ്പെടുത്തപ്പെട്ടവയാണ്. വാഗമൺ മേഖലയിൽ വനം വകുപ്പിന്റെ കൈവശമുള്ള 460 ഹെക്ടർ പ്രദേശത്തുള്ള അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ സസ്യങ്ങളെ വനം വകുപ്പു സംരക്ഷിച്ചുവരുന്നു.

(ബി) പരിശോധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വാഗമൺ മേഖലയിൽ വനം വകുപ്പിന്റെ കൈവശമുള്ള 460 ഹെക്ടറിൽ നിലവിൽ കയ്യേറ്റങ്ങളില്ല.

ഇരവികുളം ദേശീയോദ്യാനത്തോട് ചേർന്നുവരുന്ന ചോലവനങ്ങൾ

126 [409] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ ഇരവികുളം ദേശീയോദ്യാനത്തോട് ചേർന്നുവരുന്ന ഏതൊക്കെ ചോല വനങ്ങളാണ് നിക്ഷിപ്തവനമേഖലയായി പ്രഖ്യാപിക്കണമെന്ന് വനം വകുപ്പ് സർക്കാരിന് ഇപ്പോൾ ശുപാർശ നല്കിയിട്ടുള്ളത്;

(ബി) ഇവ ഓരോന്നും എത്ര വിസ്തൃതിവീതം വരുന്നവയാണെന്നുള്ളതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ചോല വനശകലങ്ങൾ ഇപ്പോൾ റവന്യൂ ഭൂമിയാണോ;

(ഡി) പ്രസ്തുത ചോല വനങ്ങൾ സ്വകാര്യ ഭൂമിയാണെങ്കിൽ ഇവയുടെ ഇപ്പോഴത്തെ അവകാശികൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) ഇവ നിക്ഷിപ്ത വന മേഖലയാക്കുന്നതിന് നിലവിൽ എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്നും ഇവ മാറ്റാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഇരവികുളം ദേശീയോദ്യാനത്തോട് ചേർന്ന് കിടക്കുന്ന ചോലവനങ്ങൾ വെസ്റ്റേൺ ഫോറസ്റ്റ് മേഖലയായി പ്രഖ്യാപിക്കണമെന്ന് സർക്കാരിനു ശുപാർശ നൽകിയിട്ടില്ല.

(ബി, സി, ഡി ആന്റ് ഇ) ചോദ്യം ഉദിക്കുന്നില്ല.

വാളയാർ പ്രദേശത്തെ ചുണ്ണാമ്പുകല്ലു ഖനനം

127 [410] ശ്രീ. എൻ ശക്തൻ :
,, സി. പി. മുഹമ്മദ് :
,, കെ. എ. ചന്ദ്രൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ പ്രദേശത്ത് നിന്ന് എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ചുണ്ണാമ്പുകല്ല് ഖനനം ചെയ്യുവാൻ അനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly